"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ2-7178/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 28-3-2017

സാമൂഹ്യനീതി ഡയറക്ടർ.

പ്രോഗ്രാം ഓഫീസർ,
തിരുവനന്തപുരം,തൃശൂർ,പാലക്കാട്.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ആധാർ എന്റോൾമെന്റ് - സംബന്ധിച്ച്.

സൂചന : 16-3-17-ലെ 22-ാമത് ഐസിഡിഎസ്. മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി.

സംസ്ഥാനത്തെ 5 വയസ്സിൽ താഴെയുള്ളള കുട്ടികളുടെ ആധാർ എൻറോൾമെന്റ് സംബന്ധിച്ച വിഷയം വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷയായുള്ള ഐസിഡിഎസ്. മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരു പ്രധാന അജണ്ടയായി അവതരിപ്പിച്ചു വരുന്നു. ആധാർ എൻറോൾമെന്റുമായി ബന്ധപ്പെട്ട ജില്ലാതല പുരോഗതി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയുള്ള സംസ്ഥാനതല റിപ്പോർട്ട് കമ്മിറ്റി വിശദമായി പരിശോധിച്ച് മുൻമാസങ്ങളിലെ റിപ്പോർട്ടുകളുമായി താരതമ്യം നടത്തിയതിൽ താങ്കളുടെ ജില്ലയിൽ കുറെ മാസങ്ങളായി കാര്യമായ എൻറോൾമെന്റ് പ്രവർത്തനങ്ങളൊന്നുംതന്നെ നടക്കുന്നില്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. അങ്കണവാടികൾ കേന്ദ്രീകരിച്ച് ആധാർ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും ആയതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാ ക്കുവാനും അക്ഷ കോ-ഓർഡിനേറ്റർ/ജില്ലാ കളക്ടർമാരുമായി നിരന്തര സമ്പർക്കം പുലർത്തി ആധാർ എൻറോൾമെന്റ് പൂർത്തീകരിക്കുന്നതിനും നിരവധി തവണ വീഡിയോ കോൺഫറൻസ്കളിലൂടെയും കത്തുകളിലൂടെയും റിവ്യൂ



PDF processed with CutePDF evaluation edition www.CutePDF.com

മീറ്റിംഗുകളി ലൂടെയും താങ്കൾക്ക് നിർദ്ദേശം നൽകിയിട്ടും ഏറ്റവും കുറഞ്ഞ ആധാർ എൻറോൾമെന്റ് പുരോഗതിയുമായി താങ്കളുടെ ജില്ലകൾ നിൽക്കുന്നത് ടി വിഷയത്തിൽ താങ്കളുടെ അലംഭവമാണ് സൂചിപ്പിക്കുന്നത്.(തിരുവനന്തപുരം-67%, തൃശൂർ-63%, പാലക്കാട്-63%).

മേൽ സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ചുള്ള വിശദീകരണം 4-4-2017നകം സമർപ്പിക്കേണ്ടതും ജില്ലയിലെ ആധാർ എൻറോൾമെന്റ് 2017 ഏപ്രിൽ 15-നകം പൂർത്തീകരിക്കുന്നതിനായുള്ളള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ട തുമാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/ 29-3-17